**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 14** **27-01-2026 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ വി ജോയി,<br>ഡോ. സുജിത് വിജയൻപിള്ള** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | രാജ്യത്തിന്റെ അഭിമാനമായി മാറിയ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിലവിലെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ) | വിഴിഞ്ഞം തുറമുഖം ഓപ്പറേഷൻ ആരംഭിച്ചതിന് ശേഷം 670-ലധികം കപ്പലുകളിലെ ചരക്കുകൾ കൈകാര്യം ചെയ്തിട്ടുണ്ട്. ഇതിൽ 40-ലധികം Ultra Large Container Vessels (ULCVs)കളും ഉൾപ്പെടുന്നു. 2025 ഡിസംബർ വരെ തുറമുഖം 14.35 ലക്ഷം TEU കണ്ടെയ്നറുകൾ കൈകാര്യം ചെയ്തു.<br><br>നിലവിൽ സ്ഥാപിത ശേഷിയുടെ 131% വർദ്ധിത ശേഷിയിലാണ് പ്രവർത്തിക്കുന്നത്, ഇത് ഒരു പുതുതായി ആരംഭിച്ച Greenfield Port-ന് അപൂർവമായ നേട്ടമാണ്. ആദ്യ വർഷത്തിലെ വാണിജ്യ പ്രവർത്തനത്തിൽ തന്നെ തുറമുഖം 10 ലക്ഷം TEU എന്ന മൈൽസ്റ്റോൺ പ്രതീക്ഷിച്ചതിനേക്കാൾ മുൻപേ കൈവരിച്ചുകൊണ്ട് വലിയ മികവ് കാഴ്ചവെച്ചിട്ടുണ്ട്.<br><br>തുറമുഖത്തിന്റെ തുടർഘട്ട വികസന പ്രവർത്തനങ്ങളുടെ നിർമ്മാണോദ്ഘാടനം 24.01.2026-ന് മുഖ്യമന്ത്രി നിർവ്വഹിച്ചു. തുറമുഖത്തിന്റെ എല്ലാ ഘട്ടങ്ങളും പൂർത്തിയാക്കേണ്ടിയിരുന്നത് 2045-ൽ ആയിരുന്നു. എന്നാൽ, 17 വർഷം മുമ്പ്, അതായത് 2028-ൽ ആ ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. പൂർണ്ണ വികസനം കൈവരിക്കുന്നതോടെ വിഴിഞ്ഞം തുറമുഖം രാജ്യാന്തര ട്രാൻസ്ഷിപ്പ്മെന്റ് ഹബ് ആയി മാറും.<br><br>തുറമുഖം ഇപ്പോൾ യൂറോപ്പ്, വടക്കേ അമേരിക്ക, തെക്കേ അമേരിക്ക, ഏഷ്യയിലെ വിവിധ പ്രദേശങ്ങൾ, പശ്ചിമേഷ്യ, സൗത്ത് ആഫ്രിക്ക, ചൈന എന്നിവയിലേക്ക് നേരിട്ടുള്ള കണക്റ്റിവിറ്റി സ്ഥാപിച്ചിട്ടുണ്ട്. ഇന്ത്യയിലെ ആദ്യ സെമി |

| | | | |
|---|---|---|---|
| | | | ഓട്ടോമേറ്റഡ് കണ്ടെയ്നർ തുറമുഖം എന്ന വിശേഷണത്തോടെയാണ് ഇത് പ്രവർത്തിക്കുന്നത്. ഇവിടെ State-of-the-art automated cranes ഉം അത്യാധുനിക ടെർമിനൽ ഓപ്പറേറ്റിംഗ് സിസ്റ്റവും പ്രവർത്തനക്ഷമത ഉയർത്തുന്നതിനും വേഗത വർധിപ്പിക്കുന്നതിനും ഉപയോഗിക്കപ്പെടുന്നു.<br><br>ദേശീയ തലത്തിൽ നിരവധി റെക്കോർഡുകൾ വിഴിഞ്ഞം തുറമുഖം സ്വന്തമാക്കിയിട്ടുണ്ട്. ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലായ MSC Irina-യുടെ ബർത്തിംഗ്, അതോടൊപ്പം ഏറ്റവും വലിയ deepest-draft കണ്ടെയ്നർ കപ്പലായ MSC Verona-യുടെ ബർത്തിംഗ് തുടങ്ങിയ നേട്ടങ്ങൾ ഇതിന്റെ ഉദാഹരണങ്ങളാണ്. കൂടാതെ, ഒരു കപ്പലിൽ നിന്ന് ഏറ്റവും കൂടുതൽ കണ്ടെയ്നറുകൾ കൈമാറ്റം നടത്തിയ തുറമുഖം എന്ന ദേശീയ റെക്കോർഡും തുറമുഖം സ്ഥാപിച്ചു.<br><br>കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തന കാലയളവിൽ വിഴിഞ്ഞം തുറമുഖം ലോക മാരിടൈം ഭൂപടത്തിൽ നിർണ്ണായക സ്ഥാനം നേടിക്കഴിഞ്ഞു. അന്താരാഷ്ട്ര കണ്ടെയ്നർ ചരക്ക് ഗതാഗതം നടക്കുന്ന വിവിധ രാജ്യങ്ങളിലെ ഏകദേശം 110-ഓളം പോർട്ടുകളുമായി കണക്റ്റിവിറ്റി സ്ഥാപിച്ചു കഴിഞ്ഞിരിക്കുന്നു. ഇത് വിഴിഞ്ഞം ഒരു ആഗോള ട്രാൻസ്ഷിപ്പ്മെന്റ് ഹബ്ബായി മാറിക്കഴിഞ്ഞു എന്നതിന്റെ തെളിവാണ്. |
| (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് ഇതുവരെ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള പ്രധാന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; | (ബി) | വിഴിഞ്ഞം തുറമുഖം ഓപ്പറേഷൻ ആരംഭിച്ചതിന് ശേഷം 670-ലധികം കപ്പലുകളിലെ ചരക്കുകൾ കൈകാര്യം ചെയ്തിട്ടുണ്ട്. ഇതിൽ 40-ലധികം Ultra Large Container Vessels (ULCVs)കളും ഉൾപ്പെടുന്നു. 2025 ഡിസംബർ വരെ തുറമുഖം 14.35 ലക്ഷം TEU കണ്ടെയ്നറുകൾ കൈകാര്യം ചെയ്തു.<br><br>നിലവിൽ സ്ഥാപിത ശേഷിയുടെ 131% വർദ്ധിത ശേഷിയിലാണ് പ്രവർത്തിക്കുന്നത്, ഇത് ഒരു പുതുതായി ആരംഭിച്ച Greenfield Port-ന് അപൂർവമായ നേട്ടമാണ്. ആദ്യ വർഷത്തിലെ വാണിജ്യ പ്രവർത്തനത്തിൽ തന്നെ തുറമുഖം 10 ലക്ഷം TEU എന്ന മൈൽസ്റ്റോൺ പ്രതീക്ഷിച്ചതിനേക്കാൾ മുൻപേ കൈവരിച്ചുകൊണ്ട് വലിയ മികവ് കാഴ്ചവെച്ചിട്ടുണ്ട്.<br><br>തുറമുഖത്തിന്റെ തുടർഘട്ട വികസന പ്രവർത്തനങ്ങളുടെ നിർമ്മാണോദ്ഘാടനം 24.01.2026-ന് മുഖ്യമന്ത്രി നിർവ്വഹിച്ചു. തുറമുഖത്തിന്റെ എല്ലാ ഘട്ടങ്ങളും പൂർത്തിയാക്കേണ്ടിയിരുന്നത് 2045- |

| | | | |
|---|---|---|---|
| | | | ൽ ആയിരുന്നു. എന്നാൽ, 17 വർഷം മുമ്പ്, അതായത് 2028-ൽ ആ ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. പൂർണ്ണ വികസനം കൈവരിക്കുന്നതോടെ വിഴിഞ്ഞം തുറമുഖം രാജ്യാന്തര ട്രാൻസ്ഷിപ്പ്മെന്റ് ഹബ് ആയി മാറും.<br><br>തുറമുഖം ഇപ്പോൾ യൂറോപ്പ്, വടക്കേ അമേരിക്ക, തെക്കേ അമേരിക്ക, ഏഷ്യയിലെ വിവിധ പ്രദേശങ്ങൾ, പശ്ചിമേഷ്യ, സൗത്ത് ആഫ്രിക്ക, ചൈന എന്നിവയിലേക്ക് നേരിട്ടുള്ള കണക്റ്റിവിറ്റി സ്ഥാപിച്ചിട്ടുണ്ട്. ഇന്ത്യയിലെ ആദ്യ സെമി ഓട്ടോമേറ്റഡ് കണ്ടെയ്നർ തുറമുഖം എന്ന വിശേഷണത്തോടെയാണ് ഇത് പ്രവർത്തിക്കുന്നത്. ഇവിടെ State-of-the-art automated cranes ഉം അത്യാധുനിക ടെർമിനൽ ഓപ്പറേറ്റിംഗ് സിസ്റ്റവും പ്രവർത്തനക്ഷമത ഉയർത്തുന്നതിനും വേഗത വർധിപ്പിക്കുന്നതിനും ഉപയോഗിക്കപ്പെടുന്നു.<br><br>ദേശീയ തലത്തിൽ നിരവധി റെക്കോർഡുകൾ വിഴിഞ്ഞം തുറമുഖം സ്വന്തമാക്കിയിട്ടുണ്ട്. ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലായ MSC Irina-യുടെ ബർത്തിംഗ്, അതോടൊപ്പം ഏറ്റവും വലിയ deepest-draft കണ്ടെയ്നർ കപ്പലായ MSC Verona-യുടെ ബർത്തിംഗ് തുടങ്ങിയ നേട്ടങ്ങൾ ഇതിന്റെ ഉദാഹരണങ്ങളാണ്. കൂടാതെ, ഒരു കപ്പലിൽ നിന്ന് ഏറ്റവും കൂടുതൽ കണ്ടെയ്നറുകൾ കൈമാറ്റം നടത്തിയ തുറമുഖം എന്ന ദേശീയ റെക്കോർഡും തുറമുഖം സ്ഥാപിച്ചു.<br><br>കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തന കാലയളവിൽ വിഴിഞ്ഞം തുറമുഖം ലോക മാരിടൈം ഭൂപടത്തിൽ നിർണ്ണായക സ്ഥാനം നേടിക്കഴിഞ്ഞു. അന്താരാഷ്ട്ര കണ്ടെയ്നർ ചരക്ക് ഗതാഗതം നടക്കുന്ന വിവിധ രാജ്യങ്ങളിലെ ഏകദേശം 110-ഓളം പോർട്ടുകളുമായി കണക്റ്റിവിറ്റി സ്ഥാപിച്ചു കഴിഞ്ഞിരിക്കുന്നു. ഇത് വിഴിഞ്ഞം ഒരു ആഗോള ട്രാൻസ്ഷിപ്പ്മെന്റ് ഹബ്ബായി മാറിക്കഴിഞ്ഞു എന്നതിന്റെ തെളിവാണ്. |
| (സി) | ലോക മാരിടൈം ഭൂപടത്തിൽ അടയാളപ്പെടുത്താൻ കഴിയും വിധം എന്തെല്ലാം പ്രവർത്തനങ്ങളാണ് ഒരു വർഷക്കാലത്തിനുള്ളിൽ ചെയ്യാൻ കഴിഞ്ഞിട്ടുള്ളതെന്ന് അറിയിക്കാമോ; | (സി) | വിഴിഞ്ഞം തുറമുഖം ഓപ്പറേഷൻ ആരംഭിച്ചതിന് ശേഷം 670-ലധികം കപ്പലുകളിലെ ചരക്കുകൾ കൈകാര്യം ചെയ്തിട്ടുണ്ട്. ഇതിൽ 40-ലധികം Ultra Large Container Vessels (ULCVs)കളും ഉൾപ്പെടുന്നു. 2025 ഡിസംബർ വരെ തുറമുഖം 14.35 ലക്ഷം TEU കണ്ടെയ്നറുകൾ കൈകാര്യം ചെയ്തു. |

നിലവിൽ സ്ഥാപിത ശേഷിയുടെ 131% വർദ്ധിത ശേഷിയിലാണ് പ്രവർത്തിക്കുന്നത്, ഇത് ഒരു പുതുതായി ആരംഭിച്ച Greenfield Port-ന് അപൂർവമായ നേട്ടമാണ്. ആദ്യ വർഷത്തിലെ വാണിജ്യ പ്രവർത്തനത്തിൽ തന്നെ തുറമുഖം 10 ലക്ഷം TEU എന്ന മൈൽസ്റ്റോൺ പ്രതീക്ഷിച്ചതിനേക്കാൾ മുൻപേ കൈവരിച്ചുകൊണ്ട് വലിയ മികവ് കാഴ്ചവെച്ചിട്ടുണ്ട്.

തുറമുഖത്തിന്റെ തുടർഘട്ട വികസന പ്രവർത്തനങ്ങളുടെ നിർമ്മാണോദ്ഘാടനം 24.01.2026-ന് മുഖ്യമന്ത്രി നിർവ്വഹിച്ചു. തുറമുഖത്തിന്റെ എല്ലാ ഘട്ടങ്ങളും പൂർത്തിയാക്കേണ്ടിയിരുന്നത് 2045-ൽ ആയിരുന്നു. എന്നാൽ, 17 വർഷം മുമ്പ്, അതായത് 2028-ൽ ആ ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. പൂർണ്ണ വികസനം കൈവരിക്കുന്നതോടെ വിഴിഞ്ഞം തുറമുഖം രാജ്യാന്തര ട്രാൻസ്ഷിപ്പ്മെന്റ് ഹബ് ആയി മാറും.

തുറമുഖം ഇപ്പോൾ യൂറോപ്പ്, വടക്കേ അമേരിക്ക, തെക്കേ അമേരിക്ക, ഏഷ്യയിലെ വിവിധ പ്രദേശങ്ങൾ, പശ്ചിമേഷ്യ, സൗത്ത് ആഫ്രിക്ക, ചൈന എന്നിവയിലേക്ക് നേരിട്ടുള്ള കണക്റ്റിവിറ്റി സ്ഥാപിച്ചിട്ടുണ്ട്. ഇന്ത്യയിലെ ആദ്യ സെമി ഓട്ടോമേറ്റഡ് കണ്ടെയ്നർ തുറമുഖം എന്ന വിശേഷണത്തോടെയാണ് ഇത് പ്രവർത്തിക്കുന്നത്. ഇവിടെ State-of-the-art automated cranes ഉം അത്യാധുനിക ടെർമിനൽ ഓപ്പറേറ്റിംഗ് സിസ്റ്റവും പ്രവർത്തനക്ഷമത ഉയർത്തുന്നതിനും വേഗത വർധിപ്പിക്കുന്നതിനും ഉപയോഗിക്കപ്പെടുന്നു.

ദേശീയ തലത്തിൽ നിരവധി റെക്കോർഡുകൾ വിഴിഞ്ഞം തുറമുഖം സ്വന്തമാക്കിയിട്ടുണ്ട്. ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലായ MSC Irina-യുടെ ബർത്തിംഗ്, അതോടൊപ്പം ഏറ്റവും വലിയ deepest-draft കണ്ടെയ്നർ കപ്പലായ MSC Verona-യുടെ ബർത്തിംഗ് തുടങ്ങിയ നേട്ടങ്ങൾ ഇതിന്റെ ഉദാഹരണങ്ങളാണ്. കൂടാതെ, ഒരു കപ്പലിൽ നിന്ന് ഏറ്റവും കൂടുതൽ കണ്ടെയ്നറുകൾ കൈമാറ്റം നടത്തിയ തുറമുഖം എന്ന ദേശീയ റെക്കോർഡും തുറമുഖം സ്ഥാപിച്ചു.

കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തന കാലയളവിൽ വിഴിഞ്ഞം തുറമുഖം ലോക മാരിടൈം ഭൂപടത്തിൽ നിർണ്ണായക സ്ഥാനം നേടിക്കഴിഞ്ഞു. അന്താരാഷ്ട്ര കണ്ടെയ്നർ ചരക്ക് ഗതാഗതം നടക്കുന്ന വിവിധ രാജ്യങ്ങളിലെ ഏകദേശം 110-

| | | | |
|---|---|---|---|
| | | | ഓളം പോർട്ടുകളുമായി കണക്റ്റിവിറ്റി സ്ഥാപിച്ചു കഴിഞ്ഞിരിക്കുന്നു. ഇത് വിഴിഞ്ഞം ഒരു ആഗോള ട്രാൻസ്‌ഷിപ്പ്മെന്റ് ഹബ്ബായി മാറിക്കഴിഞ്ഞു എന്നതിന്റെ തെളിവാണ്. |
| (ഡി) | ട്രാൻസ്‌ഷിപ്പ്മെന്റിനൊപ്പം ഗേറ്റ് വേ ചരക്കുനീക്കം കൂടി തുടങ്ങുവാനുള്ള പ്രാരംഭ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇത് വിഴിഞ്ഞം തുറമുഖത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നതിന് ഉതകുമെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം അതിന്റെ പ്രാരംഭ ഘട്ടത്തിൽ പ്രധാനമായും ഒരു ട്രാൻസ്‌ഷിപ്പ്മെന്റ് ഹബ്ബായാണ് പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. അതനുസരിച്ച്, നിലവിലെ പ്രവർത്തനങ്ങൾ ട്രാൻസ്‌ഷിപ്പ്മെന്റിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പ്രധാന പ്രവർത്തനങ്ങൾ സുസ്ഥിരമായതിന് ശേഷം ഗേറ്റ് വേ ചരക്കുനീക്കം ഘട്ടംഘട്ടമായി ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.<br><br>റോഡ്, റെയിൽ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ ഗേറ്റ് വേ കണക്റ്റിവിറ്റിക്ക് ആവശ്യമായ പ്രാരംഭ പ്രവർത്തനങ്ങൾ ഇതിനകം ആരംഭിച്ചു കഴിഞ്ഞു. റോഡ് കണക്റ്റിവിറ്റി വളരെ വേഗത്തിൽ തന്നെ സജ്ജമാകും. 2028 ഡിസംബറോടെ റെയിൽ കണക്റ്റിവിറ്റി പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ